Test Booklet No.
परीक्षा पुस्तिका संख्या

25258

This booklet contains 24 pages.
इस पुस्तिका में 24 पृष्ठ हैं ।

# JBC – 12A

## PAPER I / प्रश्न-पत्र I
## PART IV & V / भाग IV & V
## Malayalam Language Supplement
## मलयालम भाषा परिशिष्ट

Test Booklet Code
परीक्षा पुस्तिका संकेत

**F**

**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24) पर दिए निर्देशों को ध्यान से पढ़ें ।**

**For instructions in Malayalam see Page 2 of this booklet. / मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें ।**

### *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Blue / Black Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **F**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part IV : Language I – (Malayalam) *(Q. 91 to Q. 120)*
   Part V : Language II – (Malayalam) *(Q. 121 to Q. 150)*
7. Part IV contains 30 questions for Language I and Part V contains 30 questions for Language II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language I and/or Language II is a language other than Malayalam, please ask for a Test Booklet that contains questions on that language. The languages being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part V (Language II) in a language other than the one chosen as Language I (in Part IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

### *परीक्षार्थियों के लिए निर्देश*

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल नीले/काले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत** है **F**. यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य प्रश्न पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग IV : भाषा I — (मलयालम) *(प्र. 91 से प्र. 120)*
   भाग V : भाषा II — (मलयालम) *(प्र. 121 से प्र. 150)*
7. भाग IV में भाषा I के लिए 30 प्रश्न और भाग V में भाषा II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा I और/या भाषा II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिएँ।**
8. **परीक्षार्थी भाग V (भाषा II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

SEAL

Name of the Candidate (in Capitals) : ____________________
परीक्षार्थी का नाम (बड़े अक्षरों में ) :
Roll Number (अनुक्रमांक) : in figures (अंकों में) ____________________
: in words (शब्दों में) ____________________
Centre of Examination (in Capitals) : ____________________
परीक्षा केन्द्र (बड़े अक्षरों में ) :
Candidate's Signature : ____________________ Invigilator's Signature : ____________________
परीक्षार्थी के हस्ताक्षर : निरीक्षक के हस्ताक्षर :
Facsimile signature stamp of Centre Superintendent ____________________

ഈ പുസ്തികയിൽ 24 താളുകൾഉണ്ട്.

# JBC – 12A

പരീക്ഷാ ചെറുപുസ്തക സംകേതം

**F**

**പേപ്പർ I**

**ഭാഗം IV & V**

**മലയാളം ഭാഷാ ആനുബദ്ധം**

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിയ്ക്കുക.**

***പരീകക്ഷാർത്ഥികൾ ക്കുള്ള നിർദ്ദേശങ്ങൾ :***

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷാ I) അല്ലെങ്കിൽ V (ഭാഷാ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾ ക്കുവേണ്ടിയാണു്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, III ഉം ഭാഗമോ മുഖ്യപരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിൽ ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചുവാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല/കറുപ്പ് ബോൾ പോയിന്റ് പേന മാത്രം ഉപയോഗിക്കുക.**
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **F** ആണു്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **സൈഡ് 2 ലും** നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന രണ്ടുഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഓബ്ജെക്ടീവ്) ചോദ്യങ്ങളും ഉണ്ട് ഓരോ ചോദ്യത്തിനും ഒരു (1) മാർക്ക്.
   ഭാഗം IV – ഭാഷാ I (മലയാളം) *(ചോ - 91 - 120)*
   ഭാഗം V – ഭാഷാ II (മലയാളം) *(ചോ - 121 - 150)*
7. ഭാഗം IV ൽ (ഭാഷാ I) 30 ചോദ്യങ്ങളും, ഭാഗം V ൽ (ഭാഷാ II) 30 ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണു് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറെ ഭാഷയാണു് ഭാഷ I/ഭാഷ II തിരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. ആപേക്ഷാ ഫോമിലെന്തു ഭാഷ യാണോ നിങ്ങൾ ഐഛികമായി എടുത്തിരിക്കുന്നത് അതേഭാഷയിൽ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I) ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നത് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേരു് (മുഴുത്ത അക്ഷരത്തിൽ) ____________________

റോൾ നമ്പർ : (അക്കത്തിൽ) ____________________

: (അക്ഷരത്തിൽ) ____________________

പരീക്ഷാ കേന്ദ്രം (മുഴുത്ത അക്ഷരത്തിൽ) ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ______________

Facsimile signature stamp of
Centre Superintendent ____________________

Candidates should answer questions from the following Part only if they have opted for MALAYALAM as LANGUAGE – I.

# വിഭാഗം IV
## ഭാഷാ I
## മലയാളം

***നിർദ്ദേശങ്ങൾ :*** *താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് അതിനെ തുടർന്നു വരുന്ന ചോദ്യങ്ങൾക്കു* ***ഉചിതമായ*** *ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*
*(ചോദ്യം 91 മുതൽ 96 വരെ)*

തീവണ്ടിയാപ്പീസിലനേകമട്ടായ്
നീങ്ങുന്നുയാത്രോദ്യതരാം ജനങ്ങൾ
ഒറ്റയ്ക്കൊരാളങ്ങൊരഴുക്കുമുക്കിൽ
മലർന്നു മെയ് നീണ്ടു കിടന്നിരുന്നു

ഞരംപെലിമ്പെന്നിവ ചേർത്തുവെച്ചു
ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ
ആളെന്ന പേരായതിനൊക്കുമെങ്കി
ലൊ'രാളു' താനാഗളിതാംഗചേഷ്ടൻ

കൈച്ചിട്ടു വാങ്ങുനുഴറാതെ, നേരം
നോക്കാതനങ്ങാതെ കിടന്നിതായാൾ
തീവണ്ടി ചെല്ലാത്തൊരിടത്തിലേക്കാ-
യിരുന്നു സായാസമവന്റെ യാനം

**91.** ഈ കവിതാഭാഗം വായിച്ചപ്പോൾ നിങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞ രംഗമേതാണ് ?
(1) ഹോട്ടൽമുറിയുടെ മുമ്പിലുള്ള പാവപ്പെട്ടവർ
(2) തീവണ്ടിയാപ്പീസിലെ ഗാർഡ്
(3) ഹോട്ടൽമുറി
(4) തീവണ്ടിയാപ്പീസിലെ മൂലയിൽക്കിടക്കുന്ന ഒരു പാവപ്പെട്ടവൻ

**92.** അവിടെയുണ്ടായിരുന്ന ജനങ്ങൾ എന്തു ചെയ്യാൻ പോകുകയായിരുന്നു
(1) ജനങ്ങൾ യാത്രചെയ്യാൻ തുടങ്ങുകയായിരുന്നു
(2) ജനങ്ങൾ ഓടിപ്പോകുകയിയിരുന്നു
(3) ജനങ്ങൾ തീവണ്ടിയിൽനിന്നു ഇറങ്ങുകയായിരുന്നു
(4) ജനങ്ങൾ ബഹളം വയ്കുകയായിരുന്നു

**93.** അവന്റെ ശരീരത്തെക്കുറിച്ചു എങ്ങനെയാണ് കവി വർണ്ണിക്കുന്നതു് ?
(1) വണ്ണിച്ചു വീർത്തു മാംസളമായ
(2) മെലിഞ്ഞുതൊലി എല്ലിനോടുചേർന്ന
(3) തടിച്ചു കൊഴുത്ത
(4) സാമാന്യമായ ശരീരം

*താഴെക്കൊടുത്തിരിക്കുന്ന വാക്കുകൾ ഏതുതരത്തിൽപ്പെട്ട സമാസമാണ് ?*

**94.** സായാസം
(1) ബഹുവ്രീഹി
(2) തൽപുരുഷൻ
(3) അവയീഭാവൻ
(4) ദ്വന്ദ്വൻ

**95.** ഗളിതാംഗചേഷ്ടൻ
(1) തൽപുരുഷൻ
(2) അവയീഭാവൻ
(3) ദ്വന്ദ്വൻ
(4) ബഹുവ്രീഹി

**96.** 'ഗളിതാംഗചേഷ്ടൻ' എന്നപദം പിരിച്ചെഴുതുക
(1) ഗളി + തംഗ + ഇചേഷ്ടൻ
(2) ഗളിത + അംഗ + ചേഷ്ടൻ
(3) ഗളി + തംഗ + ചേഷ്ടൻ
(4) ഗളി + ഇതംഗ + ചേഷ്ടൻ

***നിർദ്ദേശങ്ങൾ** : നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. (ചോദ്യം 97 മുതൽ 105 വരെ)*

ഒരാളിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ അടിസ്ഥാനമാക്കി അയാളുടെ ജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് ജീവചരിത്രം. ജീവചരിത്രത്തിനും ആത്മകഥയ്ക്കും തമ്മിൽ പലകാര്യങ്ങളിലും സാമ്യമുണ്ട്. മനുഷ്യരുടെ ജീവിതമാണ് രണ്ടിലും വിവരിക്കുന്നത്. മഹാത്മാക്കൾ, സ്വന്തം ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യണമെന്നും അധ്വാനത്തിന്റെയും ത്യാഗത്തിന്റെയും മൂല്യം എന്താണെന്നും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ഈ ഘടകം ആത്മകഥയിലും ജീവചരിത്രത്തിലും തുല്യമാണ്. ആത്മകഥ സ്വയം വിവരിക്കുന്നു. ജീവചരിത്രം മറ്റൊരാൾ രചിക്കുന്നു. ഇതാണു കാര്യമായ വ്യത്യാസം. ആത്മകഥയിലായാലും ജീവചരിത്രത്തിലായാലും ഒരാളിന്റെ ജീവിതം അപ്പാടെ പകർത്താനാവില്ല. ദീർഘമായ ഒരു ജീവിതത്തിനിടയിലെ അസംഖ്യം സംഭവങ്ങളിൽ ചിലതു മാത്രമേ പറയാനാവൂ. അപ്പോൾ തള്ളേണ്ടതും കൊള്ളേണ്ടതും ഏന്തൊക്കെയാണെന്ന് സ്വയം മനസ്സിലാക്കി രചനയിൽ ഏർപ്പെടണം. അതിലാണ് മികവ്. വായനക്കാരന്റെ മുമ്പിൽ പൂർണ്ണവ്യക്തിത്വത്തോടെ കഥാപുരുഷനെ അഥവാ തന്നെത്തന്നെതെഴുപ്പിച്ചു നിർത്താൻ കഴിവുള്ളവർ പ്രതിഭാശാലികളത്രേ. ഒരു ജീവചരിത്രം രചിക്കാൻ തക്ക മാഹാത്മ്യംഉള്ള വ്യക്തിയുടെ ജീവിതകഥയേ എഴുതാവൂ. ആ വ്യക്തിത്വത്തിൽ ആകൃഷ്ടനായ എഴുത്തുകാരൻ തന്റെ അനുഭവം മറ്റുള്ളവർക്കും ഉണ്ടാക്കിക്കൊടുക്കുവാൻ മുതിരുന്നു. അപ്പോൾ ആരാധ്യനായ കഥാപുരുഷന്റെ ജീവിതത്തിൽ മങ്ങലേല്പിക്കാൻ ജീവചരിത്രകാരൻ ശ്രമിക്കുകയില്ല. ചിലപ്പോൾ പകതീർക്കാൻ മാർഗ്ഗമെന്ന നിലയിൽ ജീവചരിത്രം രചിച്ചുകൂട എന്നില്ല. പക്ഷെ അത് സാധാരണമല്ല.

ആത്മകഥ സ്വന്തം അനുഭവങ്ങളാണല്ലോ അവതരിപ്പിക്കുന്നത്. അനുഭവിച്ച കാര്യങ്ങൾ വിവരിക്കുമ്പോൾ അത് നമുക്കു കൂടുതൽ ഹൃദ്യമായി അനുഭവപ്പെടും. താനനുഭവിച്ച വികാരത്തിന്റെ തീക്ഷണത അതേപടി പകർത്താൻ എഴുത്തുകാരന് കഴിയും. ജീവചരിത്രകാരന്റെ കഥ അതല്ല. താനനുഭവിക്കുന്ന കാര്യങ്ങളാണ് പലപ്പോഴും ചിത്രീകരിക്കേണ്ടിവരുക. തന്നെ ആവേശം കൊള്ളിച്ചിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ചും വസ്തുതകൾ നിരത്തിവച്ച് വിസ്തരിക്കുമ്പോൾ ഒരു റിപ്പോർട്ടിന്റെ നിലവാരത്തിലേയ്ക്ക് അതു താണുപോകാം. പക്ഷെ ജീവചരിത്രത്തിൽ അത് സംഭവിച്ചുകൂടാ. ആത്മകഥാകാരന് പ്രമേയം നേരിട്ടറിവുള്ളതാണ്. ജീവചരിത്രകാരനാകട്ടെ, ശേഖരിക്കുന്ന തെളിവുകളെ മാത്രമേ പരിഗണിക്കാനാവൂ. കിട്ടുന്ന വിവരങ്ങൾ പൂർണ്ണമോ സത്യസന്ധമോ

ആകണമെന്നില്ല. അതുകൊണ്ട് ജീവചരിത്രത്തിൽ അവതരിപ്പിക്കുന്ന ജീവിതം സത്യവുമായി അടുത്തിരിക്കും എന്നേ വിശ്വസിക്കാനാവൂ. ജീവചരിത്രം സത്യത്തോട് എത്രമാത്രം അടുത്തിരിക്കുമോ അത്രത്തോളം അതു വിജയിച്ചു എന്നു കരുതാം. ആത്മകഥയിൽ നിന്ന് ജീവചരിത്രത്തിനുള്ള വ്യത്യാസം എന്തെന്നും അവതരണത്തിൽ അവ എന്തെന്തു വ്യത്യാസങ്ങൾ കാണിക്കുന്നുവെന്നും വ്യക്തമാക്കുകയാണ്.

നമുക്കു സ്നേഹിക്കാനും ബഹുമാനിക്കാനും വേണ്ട ആൾക്കാർ നമുക്കു ചുറ്റും ഉണ്ട്. എന്നാൽ മഹാന്മാർ വല്ലപ്പോഴും വല്ല ദേശത്തും. മാത്രമേ ഉദയം കൊള്ളാറുള്ളൂ. അവർ എണ്ണത്തിൽ കുറവാണെങ്കിലും സമൂഹത്തിന്റെ ഘടന രൂപപ്പെടുത്തുന്നത് അവരാണ്. അവരെക്കുറിച്ചറിയുക. അവരുടെ ലക്ഷ്യം നേടാൻ അവർ സഹിച്ച ത്യാഗങ്ങൾ ഏതൊക്കെയെന്നറിയുക. അതിലൂടെ നമ്മുടെ ജീവിതത്തിലും ചെയ്യേണ്ട കാര്യങ്ങൾ ഏതൊക്കെ എന്നു തീരുമാനിക്കുക. ഇതൊക്കെയാണ് ജീവചരിത്രപാരായണം കൊണ്ടുദ്ദേശിക്കുന്നത്.

**97.** ഒരാളിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെയും അനുഭവങ്ങളെയും സ്വയം വിരിക്കുന്നതു്

(1) നോവൽ

(2) ചെറുകഥ

(3) ജീവചരിത്രം

(4) ആത്മകഥ

**98.** ജീവചരിത്രമെന്നാൽ

(1) ഒരാളുടെ ജീവിതത്തിലെ സംഭവങ്ങളെ അടിസ്ഥാനമാക്കി മറ്റൊരാൾ വിവരിക്കുന്നു

(2) ഒരാളുടെ ജീവിതത്തിനെയടിസ്ഥാനമാക്കി നാടകം രചിക്കുന്നു

(3) ഒരാളുടെ ജീവിതത്തിനെ ആസ്പദമാക്കി കഥയഴുതുന്നു

(4) ഒരാളുടെ ജീവിതം കവിതാ രൂപത്തിൽ വർണ്ണിക്കുന്നു

**99.** ചിലർ ജീവചരിത്രം രചിക്കുന്നതു് എന്തിനാണ് ?

(1) ചിലർ ജീവചരിത്രം രചിക്കുന്നതു് പരിഹസിക്കാനും താറടിച്ചുകാണിക്കാനുമാണു്

(2) ആശയ അവതരണത്തിനു്

(3) ജനങ്ങളുടെയിടയിൽ സംഘർഷം ജനിപ്പിക്കുന്നതിന്

(4) രാഷ്ട്രീയ പക പോക്കലിനു്

**100.** ജീവചരിത്രത്തിൽ ഏറ്റവും മുഖ്യമായ വസ്തുതയെന്താണു് ?

(1) കഥാബീജത്തിനാണു് പ്രാധാന്യം

(2) വൈദഗ്ധ്യമായ സംഘർഷത്തിനു് ഊന്നൽ കൊടുക്കുന്നു

(3) ശേഖരിക്കുന്ന തെളിവുകളുടെയടിസ്ഥാനത്തിൽ

(4) ഭാവനയ്ക്കാണു് മുഖ്യത നൽകുന്നത്

**101.** ഒരു ജീവചരിത്രം വായുക്കുന്നതുകൊണ്ടു എന്താണു് ഗുണം ?

(1) വായനക്കാരന് മാർഗ്ഗദർശിയാക്കാൻ ഒരാളെ കണ്ടെത്താം

(2) വായനക്കാരനു് മനുഷ്യഗുണമുള്ളവരെ കണ്ടെത്താം

(3) യാതൊരു ഗുണവുമില്ല

(4) ഒരു സന്യാസിയെ കണ്ടെത്താം

**102.** ജീവചരിത്രം എഴുതാൻ പറ്റിയ മഹാന്മാർ ________ (ഏതു പ്രസ്താവനയാണ്, ശരി)

(1) വളരെ വിരളമാണ്

(2) ആത്മകഥയ്ക്കു പറ്റിയ ആൾക്കാരെക്കാൾ കൂടുതലാണ്

(3) ധാരാളംപേർ ഉണ്ട്

(4) അനവധിപേർ ഉണ്ട്

**103.** ഖണ്ഡികയിൽ കൊടുത്തിട്ടുള്ള "ദീർഘമായ" എന്ന പദത്തിന്റെ ശരിയായ വിപരീത പദമേതാണ്.

(1) മഹനീയമായ

(2) ഉയർന്ന

(3) നീണ്ട

(4) ഹ്രസ്വമായ

**104.** ഖണ്ഡികയിൽ കൊടുത്തിട്ടുള്ള "തരണംചെയ്യ്" എന്ന പ്രയോഗത്തിന്റെയർഥം എന്താണ് ?

(1) ഒടിക്കുക

(2) ഒഴുകുക

(3) ആലോചിക്കുക

(4) കടക്കുക

**105.** 'തള്ളേണ്ടതും കൊള്ളേണ്ടതു' മെന്നുള്ള പ്രയോഗത്തിന്റെ മുഴുവൻ രൂപം താഴെകൊടുത്തവയിൽ ഏതാണ് ?

(1) തള്ളേണ്ടതും കൊള്ളേണ്ടതും സ്വീകരിക്കുക

(2) തള്ളണ്ട കൊള്ളണ്ട

(3) തള്ളേണ്ടതും കൊള്ളേണ്ടതും കളയുക

(4) തള്ളേണ്ടത് തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുക

***നിർദ്ദേശങ്ങൾ : ഏറ്റവും ഉചിതമായത് തിരഞ്ഞെടുത്ത് എഴുതുക.***

**106.** ഭാഷാർജ്ജനത്തിൽ - "പ്രസക്തമായ ഘട്ടം" (Critical period) എന്നു പറയുന്നത്

(1) ഏതൊരു ഭാഷാ പ്രോജക്ടിനും ഏറ്റവും നല്ലരീതിയിൽ തയ്യാറെടുക്കൽ പറ്റിയ കാലഘട്ടം

(2) ഭാഷാ പ്രയോഗം ഏറ്റവും തീവ്രമായി പരിശീലിക്കുന്നതിനു വിദ്യാർഥികൾ നീക്കി വയ്ക്കുന്ന പ്രത്യേക സമയം

(3) മറ്റു സമയത്തെയപേക്ഷിച്ചു ഏറ്റവും ആയാസകരമായി ഭാഷാർജ്ജനം നടത്താൻ പറ്റിയ ഘട്ടം

(4) ക്ലാസ്സിൽ സംക്ഷിപ്തമായ മൂല്യനിർണ്ണയം നടത്തുന്നതിനു മുമ്പെയുള്ള സമയത്തിന്റെ ദൈർഘ്യം

**107.** ചുരുക്കിയെഴുതുന്നതിനു ഏറ്റവും യുക്തമായ രണ്ടു ശേഷികൾ ഏതൊക്കെയാണ് ?

(1) ആശയങ്ങളുടെ ശ്രേണികൾ പരികല്പിച്ചുകൊണ്ടു വലുതും ചെറുതുമായ മുഖ്യശയങ്ങളെ ക്രോഡീകരിച്ചെഴുതുക

(2) സംയുക്തമായ ഘടനകൾ പ്രയോഗിച്ചു കൃത്യതയോടെ രചിക്കുക

(3) പദങ്ങൾക്കു പകരം ചിഹ്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സൂക്ഷമായ രചനാരീതി

(4) സമാനാഥമുള്ള പദങ്ങൾ ഉപയോഗിച്ചുകൊണ്ടു സ്വന്തമായ വാക്കുകളിൽ പുനർരചന നടത്തുക

108. വിവിധ തരത്തിലുള്ള ഭൂതകാല രൂപങ്ങളെ വ്യത്യസ്തപ്പെടുത്തി കാണിക്കുന്നതിനുള്ള പ്രയാസം ദുരീകരിക്കാൻ തെറ്റുതിരുത്തുന്നതിനുള്ള മാർഗ്ഗം

(1) ക്ലാസ്സിനുപുറത്തും വാക്യഘടനകൾ പഠിക്കുന്നു

(2) വിവിധതരത്തിലുള്ള യഥാർഥ ജീവിത സാഹചര്യങ്ങളെ ആസ്പദമാക്കി പഠിതാക്കൾ മറ്റുള്ളവരുമായി സഹകരിച്ചു ഭൂതകാല ഘടനകളെ ആസ്പദമാക്കി പരിശീലിക്കുക

(3) ചില വാക്യരൂപങ്ങൾ പരിശീലിക്കാൻ അനവധി സന്ദർഭങ്ങൾ നൽകുക

(4) വിദ്യാർഥികൾ സ്വയമേ വാക്യങ്ങൾ പ്രയോഗിക്കുകയും അത്തരം സന്ദർഭങ്ങളിൽ അധ്യാപകൻ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക

109. നിരന്തരം പരിപൂർണ്ണവുമായ മൂല്യനിർണ്ണയ (സി.സി.ഇ.) രീതിയുടെ ആവിർഭാവത്തോടെ __________ .

(1) അക്കാദമിക കാര്യങ്ങളിൽ ഊന്നൽ കൊടുക്കാൻ സാധിക്കുന്നുണ്ട്

(2) വിദ്യാർഥികളുടെമേൽ അധ്യാപകർക്കുനല്ല രീതിയിലുള്ള നിയന്ത്രണമുണ്ടാക്കാൻ പറ്റും

(3) നിരന്തരമായി വിദ്യാർഥികളുടെ നിലവാരം നിർണ്ണയിക്കാൻ സാധിക്കുന്നുണ്ടു്

(4) വിവിധ തരത്തിലുള്ള പ്രവൃത്തികളിൽ വിദ്യാർഥികൾക്കു പങ്കെടുത്തു ആസ്വദിക്കാൻ പറ്റുന്നുണ്ട്

110. "ക്രിയാത്മകമായ വായനയ്ക്കു"ള്ള ഉദാഹരണങ്ങൾ എന്നിവയാണ്

(1) നാടകീയാവിഷ്കരണരീതി, പാത്രഭാഗമാകുന്ന കളിരീതി, വ്യത്യസ്തമായ വീക്ഷണത്തോടെ പുനർരചന നടത്തുക

(2) അർഥം മനസ്സിലാക്കുന്നതിനു വായിക്കുക

(3) വിഷയത്തെക്കുറിച്ചു വിവരം ശേഖരിക്കുന്നതിനു ലൈബ്രറിയിൽ റെഫറൻസ് ജോലിചെയ്യുക

(4) ബന്ധപ്പെട്ട വിവരം ശേഖരിക്കുന്നതിനു ഇന്റർനെറ്റിൽ പരതുക (സർഫിങ്)

111. ഓടിച്ചുവായിക്കൽ എന്നാലെന്ത് ?

(1) വായനയിൽനിന്ന് ലഭിക്കുന്ന ഉചിതമായ വിവരങ്ങൾ എഴുത്തിലേയ്ക്ക് രൂപാന്തരപ്പെടുത്തുന്നത്

(2) വായിക്കുമ്പോൾ ആശയങ്ങളെക്കുറിച്ചും ധ്വന്യാത്മകമായ ചിന്തകളെക്കുറിച്ചും വിവരത്തിനെ കുറിച്ചുള്ള രൂപരേഖയെപ്പറ്റിയും നല്ലരീതിയിൽ നീതിപൂർവ്വം പ്രകടിപ്പിക്കാൻ പറ്റും

(3) ഒരു ഗദ്യത്തിലൂടെ മുഖ്യാശയമോ ചുരുക്കമോ മനസ്സിലാക്കുന്നതിനു വേഗത്തിൽ ഓടിച്ചുനോക്കുക

(4) സൂചിതമായ ഭാഗം നോക്കി വിവരം ശേഖരിച്ചു അനാവശ്യമായ വിശദീകരണങ്ങൾ വിട്ടിട്ടു കുറിപ്പിട്ടു കാര്യങ്ങൾ മാത്രം നോക്കുന്നത്

**112.** ഗദ്യരചനയിലുള്ള സുദൃഢമായ പരസ്പരാശ്രയത്വം എന്നാലെന്തു് ?

(1) നീണ്ടതും തുടർച്ചയുള്ളതമായ ഗദ്യം ഇടതടവിട്ടുള്ള വിവരങ്ങൾ കുറിച്ചിട്ടത്

(2) ഖണ്ഡികകളും വാക്യങ്ങളും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാൻ സമുച്ചയങ്ങളുടെയും പര്യായങ്ങളുടെയും സർവ്വനാമങ്ങളുടെയും പ്രയോഗം

(3) കഥയുടെ വിവരണത്തിനു അനുസൃതമായി ഖണ്ഡികകളെ ക്രമമായി യോജിപ്പിച്ചത്

(4) ഖണ്ഡികകളിൽ യുക്തിപരമായി ഡാറ്റയുടെ അവതരണത്തിലുള്ള രീതി

**113.** 'ആധികാരികമായ ശ്രവണം' (Authentic Listening) എന്നു കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ് ?

(1) വാമൊഴിയിലോ റെക്കോർഡുചെയ്തതിലോ ഉള്ള തനതായ സംഭാഷണങ്ങൾ ശ്രവിക്കുന്നത്

(2) ഭാഗികമായി രചിച്ചതോ ആകസ്മികമായി നടത്തിയ പ്രഭാഷണമോ അധ്യാപകൻ ഉറക്കെ വായിക്കുന്നത് ശ്രവിക്കുന്നത്

(3) നിയുക്തതകൃത്യത്തിന്റെ ആവശ്യത്തിനുള്ള ലക്ഷിത വിവരത്തിനുവേണ്ടി സശ്രദ്ധയോടെ ശ്രവിക്കുക

(4) നിയുക്തതകൃത്യം പൂർത്തീകരിക്കാൻ ശ്രോദ്ധാവിന്റെ ശ്രവ്യഘട്ടത്തിലെ പടി

**114.** എഴുത്തും പ്രഭാഷണവും തമ്മിലുള്ള വ്യതിരിക്തമായ വ്യത്യാസമെന്താണ് മുമ്പെ സൂചിപ്പിച്ചത് ?

(1) വ്യാകരണ ഘടനകളെ അത്യധികം ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കില്ല

(2) സാധാരണമായ മുക്തമായതു്

(3) ആവർത്തനമോ കണക്കിലേറിയതോ ആയ കാര്യങ്ങളുടെ അഭാവം

(4) പ്രവൃത്തികൾ കൂടുതലും വാചാലമായവയെ അടിസ്ഥാനമാക്കിയായിരിക്കും

**115.** "പ്രഭാഷണത്തിലെ പരസ്പര വിനിമയം" ഒരു ഇംഗ്ലീഷ് ഭാഷാക്ലാസ്സിൽ നടക്കുകയാണെങ്കിൽ, അതിന്റെ അർഥം

(1) വാമൊഴിയോ വരമൊഴിയോ ആയ ആശയവിനിമയത്തിന്റെ ഫലത്തിനെക്കുറിച്ചു വിവരം നൽകൽ

(2) ഔപചാരികമായ പ്രഭാഷണത്തിനോ ആത്മപ്രഭാഷണത്തിനോ പകരം സംവാദം

(3) ഇടതടവില്ലാതെ നിർത്തലില്ലാതെ ആത്മധൈര്യത്തോടെ ഭാഷ പ്രയോഗിക്കാനുള്ള കഴിവ്

(4) കേൾവിക്കാരന്റെ മറുപടിയ്ക്കനുസരിച്ചു പ്രഭാഷണം ചിട്ടപ്പെടുത്തുക

116. ഭാഷാപഠിതാവിന്റെ ഭാഷണശേഷി വികസിപ്പിക്കുന്നതിന് "ഭാഷാഘടനകളുടെ ചേർച്ച" വളർത്തുന്നതിനു എന്തുചെയ്യണം ?

(1) സംഭാഷണ പ്രവൃത്തികൾ കാർട്ടൂണുകളും മറ്റ് ദൃശ്യരൂപങ്ങളും ഉപയോഗിച്ചു വികസിപ്പിക്കുക

(2) ചില വസ്തുതകളുടെയോ വാക്യഘടനകളുടെയോ ആശയത്തെ അടിസ്ഥാനമാക്കി വിദ്യാർഥികളോട് ഒരു കഥ വിവരിച്ചുപറയാൻ ആവശ്യപ്പെടുക

(3) റെക്കാർഡു ചെയ്ത അനവധി ഘടനാപരമായ വാക്യങ്ങൾ ആവർത്തിച്ചു കേൾപ്പിച്ചതിനുശേഷം അതിൽനിന്നു വിദ്യാർഥികളെകൊണ്ടു വ്യാഖ്യാനിച്ചും വിവരിച്ചും പറയിപ്പിക്കുക

(4) സംഭാഷണരീതിയിലൂടെ കേട്ടെഴുത്ത് ബോധപൂർവ്വം നൽകുക

117. അടിസ്ഥാനമായി 3 ഉപഭാഷാശേഷികൾ ആത്മഭാഷണത്തിലൂടെ നിർണയിക്കാൻ പറ്റും. അതായതു്

(1) ശബ്ദത്തിന്റെ സവിശേഷത, ശൈലി, പ്രഭാഷകന്റെ അവതരണം

(2) പ്രഭാഷകന്റെ അനുമാനം, ധ്വനി, സന്ദർഭം

(3) ആംഗ്യങ്ങൾ, പ്രഭാഷകന്റെ അനുമാനം, പ്രഭാഷകന്റെ അവതരണം

(4) ധ്വനി, ശബ്ദത്തിന്റെ സവിശേഷത, വേഗത

118. ഭാഷാർജ്ജനം - മോശമായ സാഹചര്യം എന്നതു

(1) ഇംഗ്ലീഷ് വീടുകളിൽ ഒട്ടും തന്നെ സംസാരിക്കപ്പെടുന്നില്ല

(2) വിദ്യാർഥികൾക്കു ഒട്ടുംതന്നെ ലഭ്യമല്ലാത്തത്

(3) ഹിന്ദിയോ മാതൃഭാഷയോ പൊതുബന്ധിത ഭാഷയായിട്ടുള്ളത്

(4) ക്ലാസ്സുമുറികളിൽ മാത്രം ഒതുക്കി നിർത്തിയിട്ടുള്ള ഇംഗ്ലീഷുഭാഷയെപ്പോലെ

119. "ജ്ഞാനശൈലി" എന്നു തരംതിരിക്കാൻ പറ്റുന്ന ജോഡിയേതാണ് ?

(1) ഊർജ്ജസ്വരമായത് / മന്ദപരമായത്

(2) രംഗാശ്രിതമായത് / രംഗനിരാശ്രിതമായത്

(3) മത്സരാർഥമായത് / സഹകരണാർഥമായത്

(4) വ്യാഖ്യാനപരമായത് / പദാനുപദമായത്

120. അന്വേഷണാസ്പദ ഭാഷാർജ്ജന പ്രക്രീയ എന്നതിന്റെ അർഥം

(1) വിദ്യാർഥികൾ ഒരുമിച്ചു പ്രശ്നങ്ങൾക്കു ഉത്തരം കണ്ടെത്തിയും അനുഭവങ്ങളെക്കുറിച്ചു ചർച്ചചെയ്തും കൊണ്ടുള്ള ബോധനരീതി

(2) ഭാഷാർജ്ജനത്തിനു ഒരു തത്വത്തിനെ ആസ്പദമാക്കിയതു്

(3) ഉള്ളടക്കം പഠിക്കാൻ ഭാഷാശേഷികൾ ശീലിപ്പിക്കാൻ ക്രമമായി പാഠങ്ങൾ അവതരിപ്പിച്ചിട്ടുള്ള അവതരണം

(4) നോഷണൽ - ഫങ്ഷണൽ സിലബസ് പോലുള്ള അർഥാസ്പദ സിലബസ്

Candidates should answer questions from the following Part only if they have opted for MALAYALAM as LANGUAGE – II.

## വിഭാഗം V
## ഭാഷാ II
## മലയാളം

***നിർദ്ദേശങ്ങൾ : ഏറ്റവും ഉചിതമായതു് തിരഞ്ഞെടുത്തു് എഴുതുക.***

**121.** ഭാഷാർജ്ജനമെന്നാലെന്തു് ?
(1) മനുഷ്യമസ്തിഷ്കത്തിൽ ജന്മനാസ്വതസിദ്ധമായ വ്യാകരണ തത്വങ്ങളും ലക്ഷണങ്ങളുമുണ്ടെന്നും മാതൃഭാഷയോ ദ്വിതീയഭാഷയോ ആർജ്ജിക്കാനുള്ള കഴിവുണ്ടെന്നും അനുമാനിക്കുന്നു
(2) സാഹചര്യങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ മാതൃഭാഷ സ്വാംശീകരിക്കുകയും അത്തരം സ്ഥിതിയെ ഉത്തേജിപ്പിക്കുന്ന സാങ്കേതിക രീതി
(3) മനഃപാഠം ചെയ്തു ആവശ്യാനുസരണമുള്ള പദങ്ങളും ഉപയോഗിച്ചുകൊണ്ടു
(4) പദകോശങ്ങൾ മനഃപാഠമാക്കിക്കൊണ്ടും വ്യാകരണം ഗ്രഹിച്ചും അപഗ്രഥനംചെയ്തും കൊണ്ടുള്ള ക്രമീകൃതമായ രീതി

**122.** "ആന്തരിക ഘടനകൾ" എന്നു നോം ചോംസ്കി ഉദ്ദേശിക്കുന്നതു്
(1) ലോകത്തിലെ ഭാഷകളിൽ വച്ചു ഇംഗ്ലീഷാണു് സാധാരണ കാണപ്പെടുന്ന അനുപ്രയോഗ ഭാഷകളെന്ന അറിവ്
(2) മനുഷ്യമസ്തിഷ്കത്തിന്റെ ഉള്ളിൽ സാർവ്വലൗകിക തത്വങ്ങളെ ആസ്പദമാക്കി വ്യാകരണമുണ്ടെന്നും അത് ഉള്ളിൽ സ്ഥിതിചെയ്യുന്ന സ്വതസിദ്ധമായ കഴിവാണെന്നും അനുമാനിക്കുന്നു
(3) തീവ്രമായ പഠനത്തിലൂടെ മറഞ്ഞിരിക്കുന്ന വ്യാകരണ തത്വങ്ങളും നിയമങ്ങളും ആർജ്ജിക്കുക
(4) താരതമ്യ ഭാഷാ ശാസ്ത്രത്തിൽ പ്രജനന വ്യാകരണത്തിന്റെ ആവിർ ഭാവത്തോടുകൂടി അമിതമായ താല്പര്യമുണ്ടായി

**123.** "താഴെനിന്നു് മേലോട്ടുള്ള" എന്ന മാതൃകയിലുള്ള കരിക്കുലത്തിൽ
(1) ജോലി ലഭ്യതയ്ക്കു ഊന്നൽ കൊടുക്കുന്ന തരത്തിലുള്ള പഠന രീതിയും പ്രക്രിയയും
(2) വിദ്യാർഥികളെ പരോക്ഷമായി സ്വാധീനിക്കുന്ന ആവശ്യാനുസരണമായ വിദൂര വിദ്യാഭ്യാസം
(3) പഠനത്തിനുവേണ്ടിയുള്ള ചില സോഫ്റ്റുവെയറിനെ അടിസ്ഥാനമാക്കിയിട്ടുള്ള കരിക്കുലം കൂടുതൽ പഠിതാവിനു വഴങ്ങിയതാണു്
(4) വൈവിദ്ധ്യവും പഠിതാവിനെ കൂടുതൽ പ്രവൃത്തിപഠനത്തിലൂടെ രസകരമാക്കുന്നതും അവർക്കു ചൈതന്യവും സ്വതന്ത്രതയും നൽകുന്ന കരിക്കുലം

**124.** മാനുഷികമായ സമീപനത്തോടെയുള്ള രീതിയിൽ നിർദിഷ്ടമായിട്ടുള്ളതു്
(1) പ്രത്യേക ആവശ്യങ്ങളെയടിസ്ഥാനമാക്കിയുള്ള ക്ലാസ്സുമുറികളിൽ യഥാർഥത്തിൽ
(2) ബന്ധിതമായ ഉള്ളടക്കം എങ്ങനെയാണു് അവതരിപ്പിച്ചിട്ടുള്ളത് എന്നു ക്രമാനുക്രമത്തിൽ പഠിപ്പിച്ചിട്ടുള്ള പ്രക്രിയ
(3) സ്വഭാവഗുണങ്ങളുടെ സവിശേഷതകളോടുകൂടിയ അക്കാദമിക വിഷയങ്ങളുടെ പാണ്ഡിത്യം
(4) പഠിച്ച ഘടനകളെയും ഉള്ളടക്കത്തെയും ആശയങ്ങളെയും അടിസ്ഥാന തത്വങ്ങളെയും കുറിച്ചുള്ള പ്രയോഗം പ്രത്യേകിച്ചും പുതിയ സാഹചര്യങ്ങളിൽ

125. പ്രത്യേകാവശ്യങ്ങളുള്ള മാതൃകാപരമായ ക്ലാസ്സുമുറികൾ എന്നു പറയുന്നത്

(1) എല്ലാ തരത്തിലുള്ള കുട്ടികളെയും ഉൾപ്പെടുത്തുന്നു

(2) സ്ഥിരമായ അധ്യാപകരെ സഹായിക്കാൻ വേറെ ചില അധ്യാപകരെയും ഉൾപ്പെടുത്തുന്നു

(3) പ്രത്യേകമായി കസേരമേശകൾകൊണ്ടു സജ്ജീകരിച്ചത്

(4) പ്രത്യേക സ്ഥലത്തു സ്ഥിതിചെയ്യുന്നു

126. മുൻവായന പ്രവൃത്തികളുടെ ലക്ഷ്യം കൊണ്ടു നേടുന്നതു എന്താണ് ?

(1) പാഠത്തിൽ വിദ്യാർഥികൾക്കു കൂടുതൽ താല്പര്യം ജനിപ്പിക്കുന്നു

(2) പഠനാനുഭവം രസകരവും ഉന്മേഷ ഭരിതവും ആക്കാനുള്ള സന്ദർഭം സൃഷ്ടിക്കുന്നു

(3) പുതിയ പദങ്ങൾ പഠിപ്പിക്കുന്നു

(4) വിദ്യാർഥികളുടെ അറിവ് കൂട്ടുന്നു

127. "ഒരിക്കലും ഉപേക്ഷിക്കില്ലെന്നു"ള്ള വിചാരം കുട്ടികളിൽ വളർത്തണമെങ്കിൽ ഏതു തരത്തിലുള്ള യുക്തമായ പ്രവൃത്തികൊണ്ടു വിദ്യാർഥികളുടെയിടയിൽ സാധ്യമാക്കും ?

(1) ഗ്രൂപ്പുകളായി ഇരുന്നു വിദ്യാർഥികൾ ജീവിതത്തിൽ അനുഭവിച്ച യാതനകളെക്കുറിച്ചും വിഷമ സന്ദർഭങ്ങളെക്കുറിച്ചും വിശകലനം ചെയ്തു ഗ്രാഫുകൾ തയ്യാറാക്കി ചെയ്യുന്നത്

(2) ഇംഗ്ലീഷ് പീരീഡിൽ പുറത്തുപോയി കളിക്കാനും മറ്റും പ്രിൻസിപ്പാളിന്റെ അനുവാദം ലഭിക്കാൻ സാധിച്ചു

(3) രക്ഷിതാക്കളുടെയും അധ്യാപകരുടെയും സംയുക്ത സമ്മേളനത്തിൽ രണ്ടു പേരുകേട്ട പാട്ടുകൾ പാടിക്കുകയും അവരുടെ കലാപരമായ സൃഷ്ടികളും കരകൗശല വസ്തുക്കളുടെ പ്രദർശനവും നടത്തുക

(4) പേപ്പർകൊണ്ടു നിർമ്മിച്ച പ്ലെയിനുകളിൽ ചില പോരായ്മകൾ തിരുത്തുകയും വീണ്ടും പരീക്ഷിക്കുകയും ഏറ്റവും കൂടുതൽ ദൂരം ഓടിക്കുകയും അവരുടെ അനുഭവങ്ങളെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുക

128. പ്രൈമറി തലത്തിൽ വായനാശേഷി നിർണ്ണയിക്കുന്നതിനു് ഏറ്റവും ഉചിതമായി ചെയ്യാൻ പറ്റുന്നതു്

(1) അവർ എത്രമാത്രം വായിച്ചിട്ടുണ്ടെന്നു് നിർണ്ണയിക്കുന്നതിനു ഒരു മുഖാമുഖ പരീക്ഷ

(2) ഒരു ചെറിയ പ്രോജക്ടിലൂടെ ഒരു 50 പേജ് ഉള്ള പുസ്തകത്തിന്റെ നിരൂപണമോ എഴുതിപ്പിക്കുക

(3) പദങ്ങളുടെയും ശൈലികളുടെയും അർഥത്തിനെ അടിസ്ഥാനമാക്കിയുള്ള സംഭാഷണപരമായ ക്വിസ്

(4) ഒരു കഥയിലെയോ ഗദ്യഭാഗത്തിലെയോ പാത്രങ്ങളെയും സംഭവങ്ങളെയും ആസ്പദമാക്കിയിട്ടുള്ള എഴുത്തു പരീക്ഷ

129. പാഠ്യവിഷയപ്പട്ടിക (curriculum) വികസിപ്പിക്കുന്നതിനു പാലിക്കേണ്ട ക്രമാനുക്രമമായ രീതി

(1) ആവശ്യങ്ങളുടെ നിർണ്ണയം, ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള രൂപീകരണം, പാഠ്യഭാഗം തെരഞ്ഞെടുക്കൽ / പഠനാനുഭം നിർണ്ണയിക്കൽ

(2) ഉദ്ദേശ്യങ്ങളക്കുറിച്ചുള്ള രൂപികരണം, ആവശ്യങ്ങളുടെ നിർണ്ണയം, മൂല്യ നിർണ്ണയം, പാഠഭാഗം തെരഞ്ഞെടുക്കൽ / പഠനാനുഭവം

(3) ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള രൂപീകരണം, ആവശ്യങ്ങളുടെ നിർണ്ണയം; പാഠങ്ങളുടെ തെരഞ്ഞെടുക്കൽ, പഠനാനുഭവം, മൂല്യനിർണ്ണയം

(4) പാഠ്യഭാഗം തെരഞ്ഞെടുക്കൽ / പഠനാനുഭവം, ആവശ്യങ്ങളുടെ നിർണ്ണയം, ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള രൂപീകരണം, മൂല്യനിർണ്ണയം

130. പഠിതാക്കൾക്കു പ്രതിനിന്യപരമായ അനുഭവം മാധ്യമം നൽകുന്നത് താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണു് ?

(1) പ്രദർശന ബോർഡുകളും ഫിലിം ക്ലിപ്പുകളും

(2) ഫീൽഡു ട്രിപ്പുകളും നിരീക്ഷണങ്ങളും

(3) വാസ്തവികമായ വസ്തുക്കളും മാതൃകകളും

(4) അമൂർത്തമായ വാക്കുകളും കേസ്സ്റ്റഡികളും

131. കമ്പ്യൂട്ടർ സഹായത്തോടെയുള്ള ബോധനത്തിൽ സിമുലേഷൻ മോഡ് എന്നുള്ളതു് പഠിതാക്കൾക്ക് :

(1) തുടർച്ചയായിട്ടുള്ള അഭ്യാസങ്ങളും ആവർത്തന പരിശീലനവും

(2) പരീക്ഷണ നിരീക്ഷണങ്ങളിലൂടെയുള്ള പ്രശ്ന പരിഹാരം

(3) വാസ്തവികമായ ജീവിത സ്ഥിതിയും അവയുടെ സ്ഥിതിവിശേഷങ്ങളെക്കുറിച്ചുള്ള അനുഭവവും

(4) വിവരങ്ങളെ കുറിച്ചുള്ള ചെറിയ ചെറിയ അംശങ്ങളും അവയെ ക്കുറിച്ചുള്ള ചോദ്യങ്ങളും തുടർന്നുള്ള ക്ഷണികമായ വിലയിരുത്തൽ

132. ഒരു ശ്രവ്യചോദന എന്നലെന്ത് ?

(1) ശ്രവിച്ചതിനുശേഷം അതിനെക്കുറിച്ച് ഒരു നല്ല നിരൂപണം വിവരണാത്മകമായ രീതിയിൽ നല്കൽ

(2) വിദ്യാർഥികളെ ഒരു നിർദ്ദിഷ്ടമായ കാര്യം പൂർത്തികരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുണ്ടാക്കുക

(3) വിവിധ ഗ്രൂപ്പുകളിലുള്ള വിദ്യാർത്ഥികൾക്ക് അവർ കേട്ടതിനെക്കുറിച്ച് വീണ്ടും ആശയങ്ങൾ നലകുക

(4) ആശയത്തിന്റെ ഇടവേളയിലുള്ള പ്രക്രീയകൾക്ക് ഉദാഹരണമായി "നിർദ്ദേശങ്ങൾ നല്കുന്നത്" എന്നതിനെക്കുറിച്ച് അവതരിപ്പിക്കുക

133. വാദപ്രതിവാദ പഠനരീതിയിൽ സംഭാഷണ ശേഷി നിർണ്ണയിക്കുന്നതിനു് മുഖ്യമായ കാര്യങ്ങൾ

(1) ഒരാൾ മറ്റൊരാൾക്ക് ഫോണിലൂടെയുള്ള സംഭാഷണങ്ങൾ

(2) ഒന്നോ അതിലധികമോ വസ്തുക്കളെയോ സ്ഥലങ്ങളെയോ സംഭവങ്ങളെയോ താരതമ്യപ്പെടുത്തി നിർണ്ണയിക്കുന്നവന് കൊടുക്കുന്നത്

(3) ആശയാർത്ഥങ്ങളെ ഒരാൾ മറ്റൊരാൾക്ക് ഇടവിട്ടിടവിട്ട് തമ്മിൽ തമ്മിൽ അർത്ഥപൂരകമായ കാര്യങ്ങൾ സംവാദിക്കുക

(4) ഒരാളുടെ സ്ക്കൂളിനെക്കുറിച്ചുള്ള വിവരണമോ അല്ലെങ്കിൽ പ്രകൃതിയെക്കുറിച്ചുള്ള അനൗപചാരികമായ വിവരണം

134. രചനയിൽ വീണ്ടെടുക്കുന്നതിനുള്ള ശേഷി എന്ന് പറയുന്നത്

(1) തീവ്രമായ റെഫറൻ ജോലി ചെയ്യുവാനുള്ള കഴിവുകൾ

(2) വായിക്കുമ്പോഴോ കേൾക്കുമ്പോഴോ ആശയങ്ങളുടെ ക്രമാനുക്രമമായ രൂപീകരണം

(3) കുറിപ്പ് ഉണ്ടാക്കുന്നതും കുറിപ്പ് എടുക്കുന്നതും

(4) ചിത്രരചനയിലൂടെയും ചുരുക്കെഴുത്തിലൂടെയും

135. വിദ്യാർത്ഥികളെ വ്യാകരണ കളികളിലൂടെ 'അവബോധം ഉയർത്താൻ'

(1) അധ്യാപകൻ ഘടനകളെ നിയന്ത്രിക്കുമ്പോൾ അർത്ഥത്തിനെക്കുറിച്ച് മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്യുന്നത്

(2) ഒരു വിഷയാസ്പദമായ കാര്യത്തെക്കുറിച്ച് പഠിപ്പിട്ടുള്ള ഘടനകൾ ഉപയോഗപ്പെടുത്തികൊണ്ട് പരസ്പരം ആശയവിനിമയം കൈമാറുക

(3) അവർ പഠിച്ച ഘടനകളെക്കുറിച്ച് ബോധപൂർവം ചിന്തിക്കുക

(4) തന്നിട്ടുള്ള പ്രക്രീയകളെ പൂരിപ്പിക്കുന്നതിനു് ഒത്തൊരുമിച്ച് പ്രവർത്തിക്കുക

***നിർദ്ദേശങ്ങൾ :*** *താഴെ കൊടുത്തിട്ടുള ഭാഗം വായിച്ച് അതിനെ തുടർന്നു വരുന്ന* ***ചോദ്യങ്ങൾക്ക് ഉചിതമായ*** *ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*
*(ചോദ്യം 136 മുതൽ 144 വരെ)*

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നമുക്ക് ലഭിച്ച ഒരു സമ്പാദ്യമാണ് വൈദ്യുതി. വൈദ്യുതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ആദ്യം ഓർമ്മിക്കേണ്ടത് അമേരിക്കകാരനായ തോമസ് ആൽവാ എഡിസനെ ക്കുറിച്ചാണ്. എഡിസൻ ഒരു ശാസ്ത്രജ്ഞനായിരുന്നില്ല ഒരു തനി സാങ്കേതിക മനസ്ഥിതിക്കാരനായിരുന്നു. എഡിസന് മുൻപുണ്ടായിരുന്ന ഈ രംഗത്തെ നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം സശ്രദ്ധം പഠിച്ചു. മുൻഗാമികളുടെ കണ്ടുപിടിത്തങ്ങളിലെ കുറവുകളും കുറ്റങ്ങളും അദ്ദേഹം മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള ശ്രമമായിരുന്നു അദ്ദേഹം നടത്തിയത്. അതിൽ വിജയിക്കുകയും ചെയ്തു. അതുകൊണ്ടാണ് വൈദ്യുതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം സർ ഹംഫ്രിഡേവി, ജോസഫ് വിൻസൻസ്വാൻ എന്നിവരെക്കാൾ പ്രാധാന്യത്തോടെ എഡിസനെ സ്മരിച്ചു പോകുന്നതും.

ആദ്യം എഡിസൻ നിർമ്മിച്ച വിളക്കിന്റെ പേര് നിങ്ങൾക്കറിയാമോ ? ഇൻകാൻഡിസന്റ് വൈദ്യുതിവിളക്ക് എന്നാണ് അത് അറിയപ്പെടുന്നത് ഇത് കണ്ടുപിടിച്ചത് 1879-ൽ ആയിരുന്നു ഈ സംഭവം കണ്ടുപിടുത്തങ്ങളുടെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. കുറഞ്ഞ ചിലവിൽ ധാരാളം ബൾബുകൾ നിർമ്മിക്കാനുള്ള പരിപാടികൾ അദ്ദേഹം ആവിഷ്കരിച്ചു. വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളും മനസ്സിലാക്കി.

നേരത്തെതന്നെ ജനറേറ്ററുകൾ കണ്ടുപിടിക്കപ്പെട്ടിരുന്നു. എങ്കിലും അവയൊന്നും പ്രവർത്തനത്തിൽ സഹായകമായിരുന്നില്ല. സ്വന്തമായി ഒരു ജനറേറ്ററുകൂടി അദ്ദേഹം സംവിധാനം ചെയ്തു. ഇന്നും ഉപയോഗത്തിലിരിക്കുന്ന ജനറേറ്ററുകൾ എഡിസന്റെ കണ്ടുപിടുത്തത്തിൽ ചില ചില്ലറ പരിഷ്കാരങ്ങൾ വരുത്തിയ രൂപങ്ങളാണ്.

ഇന്ന് വൈദ്യുതി നമ്മുടെ ദൈനംദിന ജീവിതത്തിന് അത്യാവശ്യമായിരിക്കുകയാണ്. ഒരു ദിവസം വൈദ്യുതിയില്ലെങ്കിൽ നമുക്ക് ഉണ്ടാവുന്ന നഷ്ടത്തെക്കുറിച്ച് ഊഹിക്കാൻപോലും സാധ്യമല്ല. ആശുപത്രിയുടെ പ്രവർത്തനത്തിനായാലും ഫാക്ടറികളുടെ പ്രവർത്തനത്തിനായാലും ആധുനിക മനുഷ്യന് ഇത് കൂടാതെ കഴിയാൻ സാധ്യമല്ല. അവന്റെ നിലനിൽപ്പിനെതന്നെ ചോദ്യം ചെയ്യുന്ന ഒരു വസ്തുവായി തീർന്നിരിക്കുകയാണ്. വൈദ്യുതിയുടെ കണ്ടുപിടുത്തതോടെയാണ് മനുഷ്യരാശിക്ക് ഇത്രയും വലിയ ഒരു കാൽവയ്പ് വയ്ക്കാൻ സാധിച്ചത്.

**136.** ഈ ഖണ്ഡികയിൽ പ്രതിപാദിക്കുന്ന വിഷയം എന്താണ് ?

(1) വൈദ്യതി എന്ന ഊർജ്ജത്തിന്റെ വിനിയോഗത്തെക്കുറിച്ച്

(2) ജലത്തിൽനിന്നു് വൈദ്യതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച്

(3) എഡിസൻ

(4) എഡിസൻ വൈദ്യതി കണ്ടുപിടിച്ചതിനെക്കുറിച്ച്

**137.** ഇന്നു ഉപയോഗത്തിലിരിക്കുന്ന ജനറേറ്ററുകൾ എഡിസന്റെ രൂപത്തിൽനിന്നു്

(1) യാതൊരു ബന്ധവുമില്ല

(2) വളരെയധികം മാറ്റി ഏറ്റവും നുതനമായ കാര്യങ്ങൾ ഉൾപ്പടുത്തിയാണു്

(3) പരിഷ്കരിച്ചതാണു്

(4) വളരെ വിഭിന്നമാണു്

**138.** വൈദ്യതിയുടെ കണ്ടുപിടുത്തെത്തെക്കുറിച്ചു് ഓർക്കുമ്പോൾ എഡിസനെയല്ലാതെ നമ്മൾ ആരെയൊക്കെയാണു് ഓർക്കുന്നതു് ?

(1) എഡിസൻ, ഹംഫ്രിഡേവി, ജോസഫ് വിൻസൻ സ്വാൻ

(2) ഹംഫ്രിഡേവി, ജോസഫ് വിൻസൻ സ്വാൻ

(3) ഹംഫ്രിഡേവി

(4) ജോസഫ് വിൻസൻസ്വാൻ

**139.** വൈദ്യതിയുടെ കണ്ടുപിടുത്തത്തിന്റെ ഏറ്റവും നേട്ടം

(1) കൂടുതൽ ചിലവുണ്ടാക്കുന്നു

(2) കുറഞ്ഞ ചിലവിൽ വൈദ്യതി ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സാധിക്കും

(3) ജനങ്ങൾക്കു ഹാനികരമാണു്

(4) വിതരണം സംഘീർണ്ണമാകുന്നു

**140.** വൈദ്യതിയെക്കുറിച്ചു് ഓർക്കുമ്പോൾ ഏതു പദമായിരിക്കും ഏറ്റവും ഉചിതം ?

(1) അത്യന്താപേക്ഷിതം

(2) ഉപയോഗശൂന്യം

(3) വിന

(4) നിർലോഭം

**141.** എഡിസൻ വൈദ്യുതി കണ്ടുപിടിച്ചതു്

(1) യാതൊരു സൂചനയുമില്ലാതെ ആകസ്മികമായി

(2) മുൻഗാമികളുടെ കുറ്റങ്ങളും കുറവുകളും നികത്തി

(3) ഒരു സ്വപ്നം കണ്ടപ്പോൾ

(4) പുതിയ ഭാവനയോടെ

**142.** നിങ്ങൾ വായിച്ച ഖണ്ഡികയിൽ കൊടുത്തിടുള്ള "വലിയ ഒരു കാൽവയ്പ്" കൊണ്ടു ഉദ്ദേശിക്കുന്നതു് ഏതർഥത്തിലാണു് ?

(1) അധോഗതി

(2) വേച്ചുവേച്ചു നടക്കു്

(3) കാൽ വച്ചു മുകളിൽ കയറി

(4) പുരോഗതി

**143.** ഈ ഖണ്ഡികയിൽ കൊടുത്തിടുള്ള വാക്യത്തിൽ അടിവരയിട്ട വാക്കിനുപകരം ഉപയോഗിക്കാവുന്ന പദമേതാണ് ?
........ "ഈ രംഗത്തെ നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം സശ്രദ്ധം പഠിച്ചു."

(1) ജിജ്ഞാസയോടെ

(2) കുണ്ഠിതത്തോടെ

(3) കൂർമ്മതയോടെ

(4) താല്പര്യത്തോടെ

**144.** നിങ്ങൾ വായിച്ച ഖണ്ഡികയിൽ താഴെക്കൊടുത്തിരിക്കുന്ന വാക്യത്തിനുപകരം പ്രയോഗിക്കാൻ പറ്റുന്ന പ്രയോഗം ഏതാണ്.
"മുൻഗാമികളുടെ കണ്ടുപിടിത്തങ്ങളിലെ കുറവുകളും കുറ്റങ്ങളും അദ്ദേഹം മനസ്സിലാക്കി."

(1) നേട്ടവും കോട്ടവും

(2) താഴ്ചയും ഉയർച്ചയും

(3) നീക്കുപോക്കുകൾ

(4) ഏറ്റക്കുറച്ചിലുകൾ

***നിർദ്ദേശങ്ങൾ :*** *താഴെ കൊടുത്തിട്ടുള്ള ഭാഗം വായിച്ച് അതിനെ തുടർന്നു വരുന്ന ചോദ്യങ്ങൾക്ക്* ***ഉചിതമായ*** *ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.*
*(ചോദ്യം 145 മുതൽ 150 വരെ)*

ചാതുർവർണ്യാധിഷ്ഠിതമായ വർണധർമ്മത്തിൽ സ്വീകാര്യമായി ശ്രീനാരായണ ഗുരു ഒന്നും കാണുന്നില്ല ഗുരുവും ഒരു ഭക്തനും തമ്മിൽ നടന്ന സംഭാഷണത്തിൽനിന്ന് ഉദ്ധരിക്കാം. "....ഗുണകർമ്മങ്ങളിൽ സ്ഥായിയായ ഒന്നും ഇല്ലല്ലോ. അത് എപ്പോഴും മാറിക്കൊണ്ടിരിക്കും. അപ്പോൾ പിന്നെ വർണം എങ്ങനെ നിശ്ചയിക്കാം ? ...... നമ്മുടെ അഭിപ്രായത്തിൽ ജാതി ഇല്ല. ഉണ്ടെന്നു വിചാരിക്കുന്നതുകൊണ്ടു ദോഷമല്ലാതെ എന്തുഗുണമാണുള്ളത് ? ...... ജാതികൊണ്ട് ഒരു ഗുണവും ഇല്ല. അതു മനുഷ്യരുടെ സ്വാതന്ത്ര്യം തടുക്കുന്നു. ബുദ്ധി നശിപ്പിക്കുന്നു. സ്വാതന്ത്ര്യവും ബുദ്ധിയും ഇല്ലാതെ തൊഴിൽ എങ്ങനെ നന്നാവും ? നമ്മുടെ ആശാരി, കരുവാൻ മുതലായവർക്ക് ഒരു വസ്തുവും അറിയാതായല്ലൊ. ബുദ്ധിയും കൂടി കെട്ടുപോയി. ജാതികൊണ്ടു തൊഴിൽ ചീത്തയാവും. ഒരേ സംഗതി തന്നെ നോക്കി ലോകത്തുള്ള മറ്റു യാതൊന്നും അറിയാത്തവർക്ക് ഒരു ജോലിയും നന്നായി ചെയ്യുവാൻ സാധിക്കില്ല. വാസനപോലെ ഓരോരുത്തർക്കും തൊഴിലിൽ ഏർപ്പെടുവാനും സൗകര്യം

ഇല്ലല്ലൊ. ജനിച്ചതുകൊണ്ട് ഒരു ജോലി ചെയ്യുക എന്നാവും. പ്രാപ്തിയും വാസനയും ഇല്ലെങ്കിലും അതു ചെയ്യണം. അപ്പോൾ തൊഴിൽ നന്നാവാൻ ഒരു വഴിയും ഇല്ല." ജാതിയുടെ അതായതു് വർണത്തിന്റെ കാര്യത്തിൽ ഗുരു ആചാര്യരോടു വിയോജിക്കുന്നു എന്ന് ഇത്രയും കൊണ്ടു വ്യക്തമായി. ഇവർ രണ്ടുപേരും ഒരേ ദർശനം തന്നെയാണ് പ്രവചിച്ചതെങ്കിൽ ഗുരു പറയുന്നത് ആചാര്യനും ആചാര്യൻ പറയുന്നതു ഗുരുവിനും സ്വീകാര്യമായി വരുമായിരുന്നു.

ഗുരുവിന്റെ അനുശാസനങ്ങളിൽ "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന മഹാവാക്യം വളരെ പ്രധാനമാണ്. ഇതിൽ ഒരു ദൈവം എന്നതു മാത്രമേ ശങ്കരാചാര്യർക്കു സ്വീകാര്യമാവുകയുള്ളൂ. മറ്റു രണ്ടും അസ്വീകാര്യങ്ങളാണു്. സെൻഗാക്കു മയേദ എന്ന ജപ്പാൻ പ്രൊഫസർ അഡയാർ ലൈബ്രറിയുടെ ബുള്ളറ്റിൽ ആയ ബ്രഹ്മവിദ്യയിൽ ഈ മഹാവാക്യത്തെ ആധാരമാക്കി ഗുരുവിനെയും ആചാര്യനെയും താരതമ്യം ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നതിൽ പ്രസക്തമായ ഭാഗം വിവർത്തനം ചെയ്തു കാണിക്കാം. "നാരായണന്റെ ഒരു ദൈവം എന്ന സങ്കല്പനം ശങ്കരൻ ഉന്നയിക്കുന്ന അദ്വൈതവേദാന്തത്തിന്റെ വഴി പിന്തുടരുന്നു. എന്നാൽ ശ്രീ നാരായണനു വളരെ പ്രധാനപ്പെട്ട ഒരു ജാതി, ഒരു മതം എന്ന സങ്കല്പനങ്ങളിൽ ശങ്കരനിൽ നിന്നു ഗണ്യമായ വ്യത്യാസം ഉണ്ട്. ശങ്കരന്റെ ദർശനത്തിൽ ഇവയെ പൊരുത്തപ്പെടുത്താൻ ഉചിതമായ ഇടം ഇല്ല." ഇത്രയും കൊണ്ടു നിറുത്താതെ മയേദ ജാതിയെ ശങ്കരൻ താത്ത്വികമായി അംഗീകരിക്കുന്നില്ല എന്നും നിരീക്ഷിച്ചിട്ടുണ്ട്. ജാതിയും മതവും അവിദ്യാവസ്ഥയോട് ബന്ധപ്പെട്ടതും ദൈവം പരമാർത്ഥിക തലത്തോടും വ്യാവഹാരിക തലത്തോടും

ബന്ധപ്പെട്ടതും ആണെന്നും ദാർശനികനായ ശങ്കരാചാര്യർ വ്യാവഹാരിക തലത്തിലെ ജാതിയെയും മതത്തെയും പരിഗണിച്ചില്ല എന്നും മയേദ പറയുന്നുണ്ട്.

**145.** ശ്രീനാരായണ ഗുരുവും ശ്രീശങ്കരാചാര്യരും തമ്മിലുള്ള ആശയപരമായ വ്യത്യാസം എന്താണ്.

(1) ശ്രീനാരായണ ഗുരു ഒരു ജാതി ഒരു മതം എന്നു വിശ്വസിക്കുന്നു

(2) രണ്ടു പേരും ഒരു സിദ്ധാന്തത്തിൽ വിശ്വസിക്കുന്നു

(3) ശ്രീനാരായണ ഗുരു ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നു വിശ്വസിക്കുകയും ശ്രീ ശങ്കരാചാര്യർ ഒരു ദൈവം എന്നു വിശ്വസിക്കുന്നുള്ളൂ

(4) രണ്ടുപേരും ഒരേ അഭിപ്രായക്കാരാണ്

**146.** ശ്രീനാരായണ ഗുരുവിന്റെ കാലഘട്ടത്തിൽ ജനങ്ങളെ വേർതിരിച്ചിരുന്നത് .........

(1) ധനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു

(2) തൊഴിൽ അധിഷ്ഠിതമായിരുന്നു

(3) ഭൂസ്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു

(4) വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു

**147.** ജാതി അടിസ്ഥാനത്തിൽ മനുഷ്യനെ വിഭജിച്ചതുകൊണ്ട്

(1) ഒരു ഗുണവും ഇല്ല

(2) തൊഴിൽ ചെയ്യാൻ ആളുകളെകിട്ടും

(3) കൂടുതൽ സമ്പത്ത് ഉണ്ടാക്കാം

(4) പിന്നോക്കാവസ്ഥമാറ്റിമറിക്കാം

**148.** ജാതി അടിസ്ഥാനത്തിലുള്ള വിഭജനം കൊണ്ട് മനുഷ്യരുടെ

(1) ബുദ്ധിയും തൊഴിലും വികസിക്കുന്നു

(2) ബുദ്ധിവികാസം ഉണ്ടാകുന്നില്ല തൊഴിലിൽ നേട്ടം ഉണ്ടാകുന്നില്ല സമൂഹത്തിന് ഹാനികരമാണ്

(3) ബുദ്ധിവികാസം ഉണ്ടാകുന്ന തൊഴിലിൽ നേട്ടം ഉണ്ടാകുന്നു

(4) ബുദ്ധിയും വികസിക്കുന്നു, സമൂഹവും വികസിക്കുന്നു

**149.** "ചാതുർവർണ്യം" എന്നവാക്കിന്റെ അർഥം.

(1) ചതിച്ചുകൊണ്ടുള്ള വർണ്ണവിവചനം

(2) സത്യമായ വിഭജനം

(3) ചാതുര്യമായ വർണ്ണ വിഭജനം

(4) നാല്വർണ്ണങ്ങളുടെ തരംതിരിവ്

**150.** "വാസനപോലെ ഓരോരുത്തർക്കും തൊഴിലിൽ ഏർപ്പെടുവാനും സൗകര്യം ഇല്ലല്ലൊ" എന്ന വാക്യത്തിൽ 'വാസന' എന്ന പദത്തിന്റെ അർഥം

(1) നൈപുണ്യം

(2) ഗുണം

(3) ഈണം

(4) മണം

## SPACE FOR ROUGH WORK

# SPACE FOR ROUGH WORK

**താഴെതന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിയ്ക്കുക :**

1. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്ന അവയിൽ ശരിഉത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല/കറുപ്പ് പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
2. ഉത്തരക്കടലാസ്സ് മടക്കുകയോ അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ ആവരുത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. വ്യക്തപ്പെടുത്തിയ ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
3. പരീക്ഷാ പുസ്തിക സൂക്ഷിച്ചുകൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തക സങ്കേതമോ ഉത്തര ക്കടലാസ്സിലെ സങ്കേതമോ തമ്മിൽ ഉള്ള അപാകത മൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
4. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതയും ഉത്തരക്കടലാസ്സ് സങ്കേതവും പരിക്ഷാർത്ഥി എഴുതിയിരിക്കണം.
5. അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതീ ഉപകരണങ്ങളോ അഡമിറ്റ്കാർഡ് ഒഴിച്ച് മറ്റൊരു വസ്തുവും പരിക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
6. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡമിറ്റ് കാർഡ് കാണിയ്ക്കേണ്ടതാണ്.
7. ഇൻവിജിലേറ്ററിന്റെ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
8. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജീലേറ്ററിനെ ഏല്പിക്കാതെയും പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കോടുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, തെറ്റായരീതികൈക്കൊണ്ടതായും കണക്കാക്കും.
9. വൈദ്യുതി ഉപയോഗിച്ചോ/മാനുഷികമായതോ ആയ കാൽക്ക്യുലേറ്റർ നിരോധിച്ചിരിക്കുന്നു.
10. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാദ്ധ്യമാണ് തെറ്റായ രീതിയിലുള്ള എല്ലാ രീതികളും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
11. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടത്താൻ പാടില്ല.
12. പരീക്ഷ എഴുതികഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കുടെ കൊണ്ടുപോകാവുന്നതാണ്.

**READ CAREFULLY THE FOLLOWING INSTRUCTIONS :**

1. Out of the four alternatives for each question, only one circle for the correct answer is to be darkened completely with Blue/Black Ball Point Pen on Side-2 of the OMR Answer Sheet. The answer once marked is not liable to be changed.
2. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
3. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
4. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
5. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
6. Each candidate must show on demand his / her Admission Card to the Invigilator.
7. No candidate, without special permission of the Superintendent or Invigilator, should leave his / her seat.
8. The candidates should not leave the Examination Hall without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case.
9. Use of Electronic / Manual Calculator is prohibited.
10. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall. All cases of unfair means will be dealt with as per Rules and Regulations of the Board.
11. No part of the Test Booklet and Answer Sheet shall be detached under any circumstances.
12. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Room / Hall.** ***The candidates are allowed to take away this Test Booklet with them.***

SEAL

**निम्नलिखित निर्देश ध्यान से पढ़ें :**

1. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के पृष्ठ-2 पर केवल एक वृत्त को ही पूरी तरह नीले/काले बॉल पॉइन्ट पेन से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
2. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
3. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
4. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
5. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश कार्ड के सिवाय किसी प्रकार की पाठ्य सामग्री, मुद्रित या हस्तलिखित, काग़ज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
6. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-कार्ड दिखाएँ ।
7. अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
8. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा ।
9. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
10. परीक्षा-हॉल में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
11. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
12. **परीक्षा सम्पन्न होने पर, परीक्षार्थी कक्ष / हॉल छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें ।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।***